കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - എടത്തിരുത്തി ഗ്രാമപ്പഞ്ചായത്ത് - 2008-09 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-21-ന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാ.ധാ) നം. 613 /16 /തസ്വഭവ. തിരുവനന്തപുരം, തീയതി: 15/02/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 20/07/2015-ലെ എം3-22899/2015 നമ്പർ കത്ത്

(2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2/12/2015-ലെ നം. കെ.എസ്.എ.10738/പിറ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്ത് കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾക്ക് നടത്തിയ ചെലവ് 9,09,594/-രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ 9/12/2004 ലെ ജി.ഒ.എം.എസ്.330/2004/LSGD ഉത്തരവ്, 30/1/2008 ലെ 75326/FM1/07/LSGD സർക്കുലർ എന്നിവയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 9,09,594/-രൂപയ്ക്ക് സാധൂകരണം വിഷയത്തിലും തുക ക്രമീകരിയ്ക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിലും സദുദ്ദേശത്തോടെയുള്ള ചെലവായതിനാലും തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ 9,09,594/-(ഒമ്പത് ലക്ഷത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ആർ പഴനിയമ്മ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, എടത്തിരുത്തി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ